# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പൊയ്യ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി-12)1504/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 04/12/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊയ്യ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി-12)1504/2024 തീയ്യതി: 04/12/2024

## തൃശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2023 മുതൽ 14-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫിജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 15-10-2024 | 22-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-10-2024 | 22-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.നിർമ്മൽ കെ.ജി. ഓഡിറ്റ് ഓഫീസർ

ശ്രീമതി സുമിത ടി.എസ്., അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സോന കെ. സത്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഡെയ്സി തോമസ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.പ്രജീഷ് പി | സെക്രട്ടറി | 01-04-2023 | 04-04-2023 |
| ശ്രീ.മൈക്കിൾ കെ എഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-04-2023 | 05-06-2023 |
| ശ്രീമതി.സജിത ടി ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-06-2023 | 11-07-2023 |
| ശ്രീമതി.ഗീത ടി സി | സെക്രട്ടറി | 12-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അഞ്ജു കൃഷ്ണൻ | അസി എഞ്ചിനീയർ | 01-04-2023 | 11-07-2023 |
| ശ്രീ.റാഷി പി ആർ | അസി എഞ്ചിനീയർ | 12-07-2023 | 31-03-2024 |
| ഡോ.സുനിൽകുമാർ പി കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ.നമിത എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ. സിനി സി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 26-08-2023 |
| ഡോ. ആശ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 27-08-2023 | 31-03-2024 |
| ഡോ.ജിനി ജോർജ് | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ.മൈക്കിൾ കെ എഫ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 05-06-2023 |
| ശ്രീ.ബിലു ജോസ് കെ | അസിസ്റ്റന്റ് സെക്രട്ടറി | 06-06-2023 | 09-07-2023 |
| ശ്രീമതി.പ്രീതി കെ എം | അസിസ്റ്റന്റ് സെക്രട്ടറി | 10-07-2023 | 02-08-2023 |
| ശ്രീ.വിനോദ് കുമാർ എ വി | അസിസ്റ്റന്റ് സെക്രട്ടറി | 03-08-2023 | 10-09-2023 |
| ശ്രീദേവി മേനോൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 11-09-2023 | 31-03-2024 |
| ജിത ജലീൽ | കൃഷി ഓഫീസർ | 01-04-2023 | 30-06-2023 |
| ഒഴിവ് | കൃഷി ഓഫീസർ | 01-07-2023 | 05-07-2023 |
| ഗോവിന്ദ റായ് ശർമ്മ | കൃഷി ഓഫീസർ | 06-07-2023 | 10-07-2023 |
| ഒഴിവ് | കൃഷി ഓഫീസർ | 11-07-2023 | 18-07-2023 |
| അശ്വതി കെ | കൃഷി ഓഫീസർ | 19-07-2023 | 16-08-2023 |

| | | | |
|---|---|---|---|
| ശ്രീലക്ഷ്മി ദാസ് | കൃഷി ഓഫീസർ | 17-08-2023 | 31-03-2024 |
| ശ്രീമതി.ഫ്രാൻസി സി ടി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.നിഷ.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ജിബിന എം എ | ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ശ്രീ.ജേക്കബ് ജേഴ്സൺ എം | വി ഇ ഒ (പൊയ്യ സർക്കിൾ) | 01-04-2023 | 18-07-2023 |
| ശ്രീ.ജോയ് എം ജെ | വി ഇ ഒ (പൊയ്യ സർക്കിൾ) | 19-07-2023 | 31-03-2024 |
| ശ്രീമതി.രോഷ്നി അരവിന്ദ് | വി ഇ ഒ (മാളപള്ളിപ്പുറം സർക്കിൾ) | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ  എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ  ന്യൂനതകൾ  ഉള്ളതിനാൽ  ആയതിന്റെ കൃത്യത ഓഡിറ്റിൽ  സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | മുൻകൂർ  തുക ചെലവ് ശീർഷകത്തിൽ  രേഖപ്പെടുത്തി | 1-1-3 |
| 5 | ആസ്തികൾ  തെറ്റായി റവന്യൂ ഹെഡ്ഡിൽ  രേഖപ്പെടുത്തി | 1-1-4 |
| 6 | മരുന്ന് വാങ്ങൽ  - മുൻകൂർ തുക നൽകിയത് 31.03.2024 ലും മരുന്ന് മുഴുവൻ  ലഭ്യമായില്ല , തുക ചെലവായി രേഖപ്പെടുത്തി | 1-1-5 |
| 7 | Capital Work In Progress തെറ്റായ തുക രേഖപ്പെടുത്തി | 1-1-6 |
| 8 | “Directly Credited By Bank”തുടർ നടപടി സ്വീകരിച്ചിട്ടില്ല | 1-1-7 |
| 9 | “Cheques Deposited But Not Credited” തുടർ നടപടി സ്വീകരിച്ചിട്ടില്ല | 1-1-8 |
| 10 | " Directly Debited By Bank” തുടർ നടപടി സ്വീകരിച്ചിട്ടില്ല | 1-1-9 |
| 11 | സ്റ്റോക്ക് രജിസ്റ്ററിൽ  മൂല്യം രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ  കാലികമാക്കിയിട്ടില്ല | 1-1-11 |
| 13 | ജേണൽ  വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ  സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-1-12 |
| 14 | “Prior Period Item” വൗച്ചറുകൾ  വർക്ക്ഷീറ്റുകൾ  ലഭ്യമാക്കിയിട്ടില്ല | 1-1-13 |
| 15 | വസ്തു നികുതി-തൻവർഷം റെസിഡൻഷ്യൽ  - വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | നോൺ-റെസിഡൻഷ്യൽ- തൻ  വർഷം -വാർഷികകണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-15 |
| 17 | കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കും സഞ്ചയയും തമ്മിൽ പൊരുത്തമില്ല | 1-1-16 |
| 18 | കുടിശ്ശിക നോൺ-റെസിഡൻഷ്യൽ  വാർഷികകണക്കും സഞ്ചയയും തമ്മിൽ  പൊരുത്തമില്ല | 1-1-17 |
| 19 | വസ്തുനികുതി മുൻകൂർ  ലഭിച്ച തുക വാർഷികകണക്കും സഞ്ചയയും പൊരുത്തമില്ല | 1-1-18 |
| 20 | വസ്തുനികുതി/വാടക ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല | 1-1-19 |
| 21 | മുൻകൂർ കണക്കുകൾ  കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-20 |
| 22 | രജിസ്റ്ററുകൾ  കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ഫണ്ട് വിനിയോഗം | 1-3 |
| 25 | പദ്ധതി അവലോകനം | 1-4 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 27 | ക്ഷേമ പദ്ധതികൾ | 1-6 |
| 28 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |

| | | |
|---|---|---|
| 29 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 30 | തൊഴിൽനികുതി | 1-9 |
| 31 | ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് | 1-10 |
| 32 | വാടക വർദ്ധിപ്പിച്ചില്ല | 1-11 |
| 33 | ലേലം-അപാകങ്ങൾ | 1-12 |
| 34 | വസ്തു നികുതി പരിഷ്കരണം-സർക്കാർ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ് | 1-13 |
| 35 | വിദ്യാഭ്യാസസ്ഥാപനൽക്ക് അനർഹമായ വസ്തു നികുതി ഇളവ് | 1-14 |
| 36 | വസ്തുനികുതി പുനർനിർണയിക്കേണ്ടതാണ് | 1-15 |
| 37 | ക്രമവൽക്കരണം-തുടർനടപടികൾ സ്വീകരിച്ചില്ല | 1-16 |
| 38 | കെട്ടിടനിർമ്മാണ പെർമിറ്റ്-അപാകങ്ങൾ | 1-17 |
| 39 | മരുന്ന് ലഭ്യമായില്ല | 1-18 |
| 40 | തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-19 |
| 41 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-20 |
| 42 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-21 |
| 43 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-22 |
| 44 | ലൈഫ് മിഷൻ വായ്പ -ആകെ ലഭ്യമായ തുകയേക്കാൾ അധികമായി കുറവ് ചെയ്തു | 1-23 |
| 45 | തെരുവ് വിളക്ക് മെറ്റീരിയൽസ് - വാറന്റി ഉറപ്പാക്കിയില്ല | 1-24 |
| 46 | ജെം മുഖേന പർച്ചേസ് നടത്തിയില്ല | 1-25 |
| 47 | എസ്റ്റിമേറ്റ് തയ്യാറാക്കാതെ പീസ് വർക്കുകളായി പ്രവൃത്തി ചെയ്തു | 1-26 |
| 48 | പർച്ചേസ് നടപടികളിലെ അപാകത | 1-27 |
| 49 | മെൻസ്ട്രുവൽ കപ്പ് ഗുണഭോക്തൃ ലിസ്റ്റ്, വിതരണ രേഖകൾ ഇല്ല. തുക തടസ്സപ്പെടുത്തുന്നു | 1-28 |
| 50 | ലാബ് മെയിന്റനൻസ് പ്രവൃത്തി - മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പിലാക്കി | 1-29 |
| 51 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ - ഡിജിറ്റൽ ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ് | 1-30 |
| 52 | അങ്കണവാടി പോഷകാഹാരം- ഉറവിടത്തിൽ നിന്ന് ജി.എസ്.ടി. കുറവ് ചെയ്തില്ല | 1-31 |
| 53 | ഭവന നിർമ്മാണം / പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 54 | സദ്ഭരണ പദ്ധതി - തയ്യാറാക്കേണ്ടതാണ് | 1-33 |
| 55 | ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-34 |
| 56 | വെതർ സ്റ്റേഷൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-35 |
| 57 | കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് | 1-36 |
| 58 | മെയിന്റനൻസ് ഫണ്ട് റോഡ്:-തുക നഷ്ടപ്പെട്ടു | 1-37 |
| 59 | കരാർ ചമച്ചിട്ടും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 1-38 |
| 60 | വനിതകൾക്ക് ഫിറ്റ്നസ് സെന്ററിനു സൗകര്യമൊരുക്കൽ: 48365 | 1-39 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു | |
| 61 | അക്രഡിറ്റഡ് ഏജൻസിയിൽ  നിന്നും ജി.എസ്.ടി. കുറവ് ചെയ്തില്ല | 1-40 |
| 62 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ  - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം | 1-41 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ  അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ  സംബന്ധിച്ച് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.06.2024 തീയതിയിലെ 7(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.06.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പൊയ്യ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൊയ്യ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 04.12.2024**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-1-2 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -792764 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത്

35323539 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-3 മുൻകൂർ തുക ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തി

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500202-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 195/24 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 42301234/08.09.2023 | 165030 | 251200001 | 460500202-Advance To Implementing Agencies-KSEB |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ആയി ഈ അപാകം 2024-25-ൽ പരിഹരിച്ചതായി അറിയിച്ചു. (ഓഡിറ്റ് എൻക്വയറി നമ്പർ- 11/17.10.2024 )

## 1-1-4 ആസ്തികൾ തെറ്റായി റവന്യൂ ഹെഡ്ഡിൽ രേഖപ്പെടുത്തി

താഴെ ചേർക്കുന്ന പ്രോജക്റ്റുകളിൽ പ്രവൃത്തികളുടെ ചെലവ് തുക തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തിയതിനാൽ തത്തുല്യ തുകക്കുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാതെ പോകാൻ ഇടയാക്കി. വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | ഫണ്ട്/ അടങ്കൽ | വൗച്ചർ നമ്പർ/ തീയ്യതി | ചെലവ് തുക | ബുക്ക് ചെയ്ത ശീർഷകം | ഓഡിറ്റ് പരാമർശം |
|---|---|---|---|---|---|
| 99/24 | റോഡിതരം | 42301418/24.03.2024 | 259996 | 251170104- | ഉചിതമായ |

| | | | | | |
|---|---|---|---|---|---|
| അങ്കണവാടികൾക്ക് ഫർണിച്ചർ | | | | Anganvadi Related Service | ആസ്തി ശീർഷകത്തിൽ ചേർക്കേണ്ടതിനു പകരം റവന്യൂ ചെലവായി ചേർത്തു. |
| 66/24 അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ | റോഡിതരം | 42301419/24.03.2024 | 325006 | 251170104-Anganvadi Related Service | ഉചിതമായ ആസ്തി ശീർഷകത്തിൽ ചേർക്കേണ്ടതിനു പകരം റവന്യൂ ചെലവായി ചേർത്തു. |
| 48/24 അങ്കണവാടികൾക്ക് സ്റ്റീൽ കണ്ടയ്നർ | റോഡിതരം | 42301368/09.02.2024 | 120000 | 251170006-Infrastructure Facilities For Anganwadis | ഉചിതമായ ആസ്തി ശീർഷകത്തിൽ ചേർക്കേണ്ടതിനു പകരം റവന്യൂ ചെലവായി ചേർത്തു. |

**1-1-5 മരുന്ന് വാങ്ങൽ - മുൻകൂർ തുക നൽകിയത് 31.03.2024 ലും മരുന്ന് മുഴുവൻ ലഭ്യമായില്ല., തുക ചെലവായി രേഖപ്പെടുത്തി**

മെഡിക്കൽ ഓഫീസർ (ആയുർവേദം), മെഡിക്കൽ ഓഫീസർ (ഹോമിയോ), മെഡിക്കൽ ഓഫീസർ (അലോപ്പതി) എന്നിവർ നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ മുൻകൂർ ആയി തുക കൈമാറിയിട്ടുണ്ട്. 2023-24 ൽ മരുന്ന് മുഴുവൻ ആയി ലഭ്യമായിട്ടില്ല. തുക മുൻകൂറായി നല്കിയിട്ടുള്ളതിനാലും 31.03.2024 ൽ മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ലാത്തതിനാലും മുൻകൂർ നല്കിയത് ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് ആയത് കണക്കിൽ ഉചിതമായ "ക്രമീകരിക്കാനവശേഷിയ്ക്കുന്ന മുൻകൂർ-460500501" എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും തുക തെറ്റായി ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തി. വിശദാംശം താഴെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | വൗച്ചർ നമ്പർ/ തീയ്യതി | മുൻകൂർ നൽകിയ തുക | 31.03.2024 ൽ ലഭിക്കുവാൻ ബാക്കിയുള്ള മരുന്ന് (വില) | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 43/24 ആയുർവേദ മരുന്ന് വാങ്ങൽ | 42301273/23.11.2023 | 800000 | 17236 | 251110109-Ayurveda-Purchase Of Medicines In Health Institutions |
| 19/24 ഹോമിയോ മരുന്ന് വാങ്ങൽ | 42301246/11.10.2023 | 300000 | 105895 | 251110208-Homeo-Purchase Of Medicines In Health Institutions |

| | | | | |
|---|---|---|---|---|
| 91/24 അലോപ്പതി മരുന്ന് വാങ്ങൽ (പാലിയേറ്റീവ് കെയർ) | 42301332/20.01.2024 | 95258 | 71809 | 251110501-Health Related Activities - Palliative Care |

## 1-1-6 Capital Work In Progress തെറ്റായ തുക രേഖപ്പെടുത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31.03.2024 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31.03.2024ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 85172 രൂപയാണ്. (Pro.No. 260/24 അങ്കണവാടി ടോയ് ലറ്റ് നിർമാണം വാർഡ് 2) എന്നാൽ 3103.2024 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 175059 രൂപയാണ്. ആയത് പ്രൊജക്ട് നമ്പർ-237 അണ്ടികമ്പനി സെമിത്തേരി റോഡ് എന്ന പ്രവൃത്തിയുടേതാണ്. ഈ പ്രവൃത്തി നിലവിലുള്ള റോഡിന്റെ മെയിന്റനൻസ് പ്രവൃത്തി ആയിരുന്നു. അതിനാൽ പ്രസ്തുത പ്രവൃത്തിയുടെ മൂല്യം Capital Work In Progress ൽ ഉൾപ്പെടുത്തേണ്ടതില്ല . അങ്കണവാടി ടോയ്‌ലറ്റ് നിർമാണത്തിന്റെ പാർട്ട് ബിൽ തുക (85172 രൂപ) Capital Work In Progress ൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. 2024-25 അപാകങ്ങൾ തിരുത്തേണ്ടതാണ്.

## 1-1-7 “Directly Credited By Bank”തുടർ നടപടി സ്വീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട്പാസ്സ്ബുക്കിൽ വന്ന ക്രെഡിറ്റ് തുകകൾ 31.3.2024 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രിക യിൽ ഈ തുക “Directly Credited By Bank” എന്ന ഇനത്തിൽ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ബാങ്ക് | തീയ്യതി | തുക |
|---|---|---|
| എസ്.ബി.ഐ ഇ - പേമെന്റ് A/C No. 37049645270 | 30.11.2023 | 55 |
| | 29.07.2022 | 30 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2023-24 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-1-8 “Cheques Deposited But Not Credited” തുടർ നടപടി സ്വീകരിച്ചിട്ടില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ പ്രകാരം “Cheques Deposited But Not Credited” ആയി തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശം താഴെ ചേർക്കുന്നു.

| ബാങ്ക് | തീയതി | തുക |
|---|---|---|
| എസ്.ബി.ഐ ഇ - പേമെന്റ് അക്കൗണ്ട് നമ്പർ- 37049645270 | 30.03.2023 | 171 |
| | 31.03.2023 | 693 |
| | 27.09.2023 | 380 |
| | 30.09.2023 | 380 |

| | | |
|---|---|---|
| UBI മാള ജൽ ജീവൻ അക്കൗണ്ട് നമ്പർ 339302010036290 A/C No. | 09.02.2023 | 1510 |
| കേരള ബാങ്ക് മാള തനത് ഫണ്ട് അക്കൗണ്ട് നമ്പർ- 10710000714 | 01.10.2007 | 500 |
| | 04.03.2006 | 2600 |
| | 04.03.2006 | 2600 |
| | 13.03.2007 | 200 |
| | 10.12.2004 | 500 |
| | 27.08.2008 | 4900 |

## 1-1-9 " Directly Debited By Bank" തുടർ നടപടി സ്വീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട്പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31.03.2024 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ ഈ തുകകൾ " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുകകൾ ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2023-24 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് | തീയ്യതി | തുക |
|---|---|---|
| എസ്.ബി.ഐ. ഇ - പേമെന്റ് A/C No. 37049645270 | 31.03.2024 | 1960 |
| | 23.02.2024 | 897 |
| UBI ജൽ ജീവൻ A/C No. 339302010036290 | 27.03.2024 | 295 |
| കേരള ബാങ്ക് ജലനിധി A/C No. 80011992892 | 31.03.2024 | 59 |
| കേരള ബാങ്ക്, മാള തനത് ഫണ്ട് A/C No. 10710000714 | 31.03.2024 | 118 |
| | 31.03.2024 | 59 |

## 1-1-10 സ്റ്റോക്ക് രജിസ്റ്ററിൽ മൂല്യം രേഖപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 436441 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളു. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല. സ്റ്റോക്ക് അക്കൗണ്ട് രജിസ്റ്റർ പ്രകാരം Renesola-20wLED5 Batten-6500K ട്യൂബിന്റെ സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് 2851 എണ്ണവും സ്റ്റോക്ക് റിപ്പോർട്ടിൽ നീക്കിയിരിപ്പ് 2696 എണ്ണവുമാണ്. സ്റ്റോക്ക് റിപ്പോർട്ട് പ്രകാരമാണ് ക്ലോസിങ് സ്റ്റോക്ക് തയ്യാറാക്കിയിരിക്കുന്നത്. പരിശോധന നടത്തി സ്റ്റോക്ക് വിവരം കൃത്യമാക്കേണ്ടതാണ്.

## 1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-12 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ

## വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-13 "Prior Period Item" വൗച്ചറുകൾ വർക്ക്ഷീറ്റുകൾ ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ)-18) പ്രകാരം "Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31.03.2024ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800101-Prior Period Expences-Establishment Expenses | (75681) |
| 290800301-Prior Period Expenses-Operations And Maintenance Expenses | (60) |
| 290800601-Prior Period Expenses-Revenue Grants And Contributions | 735319 |
| 190100101-Prior Period Income-Property Tax | (3827) |

## 1-1-14 വസ്തു നികുതി-തൻവർഷം റെസിഡൻഷ്യൽ - വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും

"സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>തൻവർഷം റെസിഡൻഷ്യൽ</u>

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2446852 | 2408459 | 8058 | 33030 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2446852 | 2405773 | 4469 | *33030 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( 34693/105X100)= 33040.9 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

എ) കളക്ഷൻ ,മുൻകൂർ ക്രമീകരിച്ച തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

ബി) വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## <u>1-1-15 നോൺ-റെസിഡൻഷ്യൽ- തൻ വർഷം -വാർഷികകണക്കും രജിസ്റ്ററും പൊരുത്തമില്ല</u>

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1669563 | 1616699 | 3365 | 53420 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1669563 | 1612806 | 968 | *53420 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 56102 /105X100=53493) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, |

| | | | | |
|---|---|---|---|---|
| | | | | റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

എ) കളക്ഷൻ, മുൻകൂർ ക്രമീകരിച്ച തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

ബി) വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

**1-1-16 കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കും സഞ്ചയയും തമ്മിൽ പൊരുത്തമില്ല**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 20771 | 14933 | 5845 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 20092 | 14933 | 5845 |
| | *(2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (16490+4607= 21097/105*100=20092.38) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(6143/105X100)=.5850.47 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

എ) ഡിമാന്റ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു

ബി) വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – കളക്ഷൻ = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

**1-1-17 കുടിശ്ശിക നോൺ-റെസിഡൻഷ്യൽ വാർഷികകണക്കും സഞ്ചയയും തമ്മിൽ പൊരുത്തമില്ല**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 14966 | 1759 | 13211 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 13212 | 1759 | 13211 |
| | ( 2022-23-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ | (റസീറ്റ് & പേയ്മെന്റ് പത്രിക, | **(13873/105x100)= 13212.3 (ബാലൻസ്ഷീറ്റ് |

| | | | |
|---|---|---|---|
| | ബി-15)<br>*(10370+3503= 13873/105x100= 13212.38) | ഷെഡ്യൂൾ ആർ.പി-45) | ഷെഡ്യൂൾ ബി-15) |

എ) ഡിമാന്റ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

ബി) വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - കളക്ഷൻ = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-18 വസ്തുനികുതി മുൻകൂർ ലഭിച്ച തുക വാർഷികകണക്കും സഞ്ചയയും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2024-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 3017 | 392190 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 3893 | 67101 |

## 1-1-19 വസ്തുനികുതി/വാടക ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജ